കമ്മോഡിറ്റീസ് പാക്കേജ് ആക്ട്

* 229. [251] ശ്രീ. കെ. എം. ഹംസകുഞ്ഞ് :
,, പി. സീതി ഹാജി :
,, പി. വി. മുഹമ്മദ് :
,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കമ്മോഡിറ്റീസ് പാക്കേജ് ആക്റ്റ് കർശനമാക്കിയതുമൂലം ചെറുകിടവ്യാപാരികൾക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടനുഭവപ്പെടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അത് പരിഹരിക്കാൻ ഗവൺമെന്റ് എന്തുനടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കിയതുമൂലം ചെറുകിട കച്ചവടക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു എന്ന് അവർ കരുതുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗവൺമെന്റ് തലത്തിൽ പരിഹരിക്കേണ്ടതായ എന്തെങ്കിലും ബുദ്ധിമുട്ട് ചെറുകിട കച്ചവടക്കാർക്ക് ഉള്ളതായി ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങളിലെ പ്രസക്ത ചട്ടങ്ങൾ കർശനമാക്കിയത് ആരേയും ബുദ്ധിമുട്ടിക്കാനല്ല, പ്രത്യുത സാധാരണക്കാരായ ഉപഭോക്താവിന്റെ താൽപ്പര്യം ഒരളവുവരെയെങ്കിലും സംരക്ഷിക്കുന്നതിനുവേണ്ടി മാത്രമാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ സ്റ്റോക്കുള്ള അരി

* 230. [252] ശ്രീ. സി. ടി. അഹമ്മദ് അലി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ എത്ര ടൺ അരി സ്റ്റോക്കുണ്ട് ;

(ബി) ഇപ്പോൾ മാവേലി സ്റ്റോറുവഴി പ്രതിവാരം കാർഡൊന്നിന് എത്ര കിലോഗ്രാം അരി വീതം വിതരണം ചെയ്യുന്നു ;

(സി) ഈ അരിയുടെ വിൽപ്പന വിലയെന്താണ് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) 18-10-1986-ൽ 13,911 ടൺ അരി സ്റ്റോക്കുണ്ട്.

(ബി) പ്രതിവാരം കാർഡൊന്നിന് നാല് കിലോഗ്രാം അരി വീതം വിതരണം ചെയ്യുന്നു.

(സി) കിലോഗ്രാമിന് 3 രൂപ 25 പൈസ.

LIBRARY ARCHIVES Kerala Legislative Assembly